കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഓച്ചിറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി -8/1515/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി 05/10/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഓച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ്സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ

ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയപകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-8/1515/2017 തീയതി:05/10/2017

## കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016 -2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവപ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-10-2016 മുതൽ 01-08-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.08.2017 മുതൽ 09.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജി വർഗ്ഗീസ് | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |
| | ശ്രീമതി.സോണിയ.ജെ. സെബാസ്റ്റൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.ലാലു.ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുനിത. സെബാസ്റ്റ്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അയ്യാണിക്കൽ അബ്ദുൾ മജീദ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.എൻ.മനുഭായി | 01.04.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എ.കെ.സിനി | 01.04.2016 മുതൽ 04.01.2017 വരെ |
| | ശ്രീ.ടി.ഡി.ഹരികുമാർ | 05.01.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. എ.കെ.ഷീജ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീമതി.വിനിത.ഒ. | 02.11.2016 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| | ശ്രീമതി.ഗിരീഷ് കുമാർ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രേണുകാദേവി.പി | 01.04.2016 മുതൽ 07.01.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വാസന്തി.ഇ. | 08.01.2017മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സജിത.എം | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി.ഡോ.എസ്.റീമ | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജി.എ.സൗമ്യ | 01.04.2016 മുതൽ 14.08.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ജാക്വിലിൻ.എം | 15.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നാൻസി കരീം | 01.04.2016 മുതൽ 31.06.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുനിൽ കുമാർ.എം | 01.07.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പ്രദീപ് കുമാർ | 01.04.2016 മുതൽ 31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.സുമംഗല ദേവി | 01.04.2016 മുതൽ 01.06.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അപ്രസ് ജഹാൻ | 02.06.2016 മുതൽ 31.03.2017 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം | *<u>ഭാഗം 1</u>* | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ്‌വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| | *ഭാഗം 2* | |
| 12 | ഡി&ഒ ലൈസൻസ് | 2-1 |
| 13 | ടെണ്ടർഫോം വില ഈടാക്കുന്നില്ല | 2-2 |
| 14 | കെട്ടിടനികുതി – ഡി.സി.ബി പത്രികയിലെയും സഞ്ചയികയിയെയും തുകകൾ പൊരുത്തപ്പെടുന്നില്ല. | 2-3 |
| | *ഭാഗം 3* | |
| 15 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഗ്രാൻറ് വിനിയോഗിച്ചു. | 3-1 |
| 16 | വിനിയോഗരേഖകൾ ഹാജരാക്കിയില്ല – 5,31,250/- രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 17 | അംഗനവാടികളുടെ അടിസ്ഥാനസൗകര്യവികസനം – തുക വിനിയോഗിക്കുന്നില്ല | 3-3 |
| 18 | കൃഷി ഓഫീസർ രേഖകൾ ഹാജരാക്കിയില്ല- 4,31,156/- രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 19 | മരുന്ന് ലഭിച്ചില്ല- 2,78,401/-രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 20 | ആശ്രയപദ്ധതി | 3-6 |
| 21 | ഫണ്ട് വിനിയോഗത്തിലെ അപാകതകൾ | 3-7 |
| | *ഭാഗം 4* | |
| 22 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26.03.2016-ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 29.7.017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 08.08.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

### ധനകാര്യ പത്രികയിലെ ന്യൂനതകൾ

1.എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റുകളുടെ കൃത്യത വ്യക്തമല്ല.

5. പിരിഞ്ഞു കിട്ടാനുള്ള /ലഭിക്കാനുള്ള തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6.സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ മുൻ വർഷത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകകൾ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ

നീക്കിയിരിപ്പായി ഇപ്പോഴും നിലനിൽക്കുന്നു.(320700104 – 537/-രൂപ, 320700204 – 2,30,089/-രൂപ, 320700205 – 2,68,779/-രൂപ). തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടില്ല .

7. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് പൊരുത്തപ്പെടുന്നില്ല. ആയത് സഞ്ചയയുമായും പൊരുത്തപ്പെടുന്നില്ല .

## 1-4 സാമ്പത്തികവിശകലനം

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള മുന്നിരിപ്പ് 7536569/- രൂപയാണ്.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 75,37,098 |
| വരവ് | 5,26,54,555 |
| ആകെ | 6,01,91,653 |
| ചെലവ് | 4,55,86,806 |
| നീക്കിയിരിപ്പ് | 1,46,04,847 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8898980 | 8898980 | 8898980 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 2460691 | 2460691 | 2460691 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3040006 | 3040006 | 3040006 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3199637 | 3199637 | 3199637 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6834492 | 6834492 | 6834492 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 3664802 | 3664802 | 3664802 | 0 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 14779 | 979676 | 994455 | 946559 | 47896 | |
| ബി ഫണ്ട് | 0 | 631560 | 631560 | 631560 | 0 | |

## 1-6 പദ്ധതിഅവലോകനം

ഓഡിറ്റ്‌വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 39023102 | 104 | 25584111 | 31 | 8 | 65.56 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയുംപ്രകാരം 27% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 5607428 | 8589650 | 2982222 | |
| നികുതിയേതര വരവുകൾ | 1484909 | 1354046 | (-)30833 | (-)8.8 |
| മറ്റുവരവുകൾ | 8067217 | 9313106 | +1245889 | |
| ആകെ | 1515954 | 19256832 | 4097278 | 27 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 331560 | 376 |
| കർഷകതൊഴിലാളി പെൻഷൻ | 4585160 | 504 |
| വിധവാപെൻഷൻ | 10841500 | 1033 |
| വാർദ്ധക്യകാലപെൻഷൻ | 23588540 | 2048 |
| വികലാംഗപെൻഷൻ | 3597310 | 347 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ്പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7,208/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. കെട്ടിടനികുതിയിനത്തിലെ തൻവർഷ ഡിമാന്റ്, കളക്ഷൻ, കുടിശ്ശികതുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിവിധ നിർവഹണ ഉദ്യോഗസ്ഥർ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഫണ്ടുകൾ ചെലവഴിച്ചതിൽ കുറവ് വന്നിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2017 | 6/2017 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.05.2008 മുതൽ 16.05.2008വരെ | 1997-98 മുതൽ 2007-08വരെ | 04.07.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഓ ലൈസൻസ്

ഗ്രാമപഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തികവർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെട്ട

അപേക്ഷകൾ പരിശോധിച്ചതിൽ, താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ്നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

2.ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം പ്ലാസ്റ്റിക്ക് നിരോധന സാക്ഷ്യപത്രം (16.03.2007-ലെ GO(P)795/07/LSGD നമ്പർ സർക്കാർ ഉത്തരവുപ്രകാരം) ഉൾക്കൊള്ളിച്ചിട്ടില്ല. ഈ വിഷയങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടും ആയത് പാലിക്കാതിരിക്കുന്നത് തെറ്റായ നടപടിയാണ്.

3. 2016-17 സാമ്പത്തികവർഷത്തിൽ കേരള സംസ്ഥാന മലിനീകരണബോർഡിൻെറ പ്രവർത്തനാനുമതി കാലയളവ് അവസാനിച്ച സ്ഥാപനങ്ങൾക്ക് ഡി ആൻറ് ഒ ലൈസൻസ് അനുവദിച്ചു നൽകി

| ക്രമ നം. | സ്ഥാപനങ്ങൾ | പ്രവർത്തനാനുമതി അവസാനിക്കുന്ന കാലയളവ് |
|---|---|---|
| 1. | തിരുനെല്ലൂർ സോമിൽ,വയനകം, ഞക്കനാൽ | 30-6-2016 വരെ |
| 2. | ആശാ ഇൻഡസ്ട്രീസ് , മേമന | 31-12-2016 വരെ |
| 3. | പി.കെ.പവർ ബ്രിക്സ്, ഓച്ചിറ | 31-12-2016 വരെ |
| 4. | ആയിരത്താൻ ഹോളോ ബ്രിക്സ്, പായിക്കുഴി | 31-12-2014 വരെ |
| 5. | ഭഗവതി തെക്കതിൽ ഫ്ലവർ മിൽ , വലിയക്കുളങ്ങര | 31-12-2016 വരെ |

ടി സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.6/8-8-17) പ്രവർത്തിക്കുന്നുണ്ടെന്നും, പ്രവർത്തനാനുമതി ലഭിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ നല്കികിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു. നടപടി സ്വീകരിച്ചു ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഇ-ടെൻഡർ - ടെൻഡർ ഫോംവില തിരികെ ഈടാക്കിയിട്ടില്ല

തൻവർഷം 5 മരാമത്തുപ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ-ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോറവില എക്സിക്യൂട്ടീവ് എൻജിനീയറുടെ

അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ 43,000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുതതുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്തപക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ ടി തുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിടനികുതി ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സാംഖ്യാസംയോജനം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വാർഷികധനകാര്യ പത്രികയിലെ ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചേർക്കുന്നു.

| വിവരണം | വാർഷിക കണക്ക് പ്രകാരം | | സഞ്ചയപ്രകാരം |
|---|---|---|---|
| റെസിഡൻഷ്യൽ കറന്റ് | 2,270,823 | 24,68,255 | 13,73,028 |
| നോൺ-റെസിഡൻഷ്യൽ കറന്റ് | 1,97,432 | | |
| റെസിഡൻഷ്യൽ അരിയർ | 9,47,942 | 8,40,375 | 24,07,331 |
| നോൺ-റെസിഡൻഷ്യൽ അരിയർ | 1,07,567 | | |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റിനിയോഗം - സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല പതിനാലാം ധനകാര്യ കമ്മീഷൻഗ്രാന്റ് വിനിയോഗം- സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ധനസഹായം ലഭ്യമാക്കുക എന്നതാണ് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റുകൊണ്ട് ലക്ഷ്യമിടുന്നതെന്നും കുടിവെള്ളവിതരണം, ശുചിത്വം, കക്കൂസ് മാലിന്യപരിപാലനം, മലിന ജലനിർഗ്ഗമനസംവിധാനം, ഖരമാലിന്യപരിപാലനം, സാമൂഹിക ആസ്തികളുടെ സംരക്ഷണവും പരിപാലനവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണവും പരിപാലനവും, തെരുവുവിളക്കുകളുടെ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ എന്നീ അടിസ്ഥാനസേവനങ്ങൾക്കുള്ള ഉപപദ്ധതി ഓരോ ഗ്രാമ പഞ്ചായത്തുകളും തയ്യാറാക്കണമെന്നും, ഓരോവർഷവും ഏതെങ്കിലും ഒരു അടിസ്ഥാന സേവനത്തിന് മുൻഗണന നൽകണമെന്നും അതിനുവേണ്ടി കൂടിയതോതിൽ തുക വകയിരുത്തി ആ മേഖലയിലെ ആവശ്യങ്ങൾ പൂർണമായി പരിഹരിക്കണമെന്നും

11.1.16-ലെ സ.ഉ.(എം.എസ്.)നം.4/16/ത.സ്വ.ഭ.വ.പ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കെ ആയത് പരിഗണിക്കാതെ കാർഷിക, മൃഗസംരക്ഷണ മേഖലകളിലും ഓണറേറിയം (അങ്കണവാടി വർക്കർ/ഹെൽപ്പർ) നൽകുന്നതിനും ബഡ്സ്സ്കൂൾ പ്രവർത്തന ചെലവിനും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതായും കാണുന്നു.

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി 09.08.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 08-ന് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് വരുംവർഷങ്ങളിൽ അടിസ്ഥാനസേവനത്തിന് മുൻഗണനനൽകി പദ്ധതി ആസൂത്രണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾപാലിച്ച് ഫണ്ടുവിനിയോഗിക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല - ₹ 5,31,250 തടസ്സപ്പെടുത്തുന്നു

വെറ്റിനറി ഡോക്ടർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം.72/17 പ്രകാരം നടപ്പിലാക്കിയ കന്നുകുട്ടിപരിപാലനം പദ്ധതിയുമായി ബന്ധപ്പെട്ട് ₹ 5,31,250/- (ബിൽ നം.02/16 – 17/25.02.17) അസ്സി ഡയറക്ടർ , കാഫ് ഫീഡ് സബ്സിഡി, കൊല്ലം പേർക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/25.07.2017) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്. രേഖകളുടെ അഭാവത്തിൽ ₹5,31,250 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യ വികസനം - തുക വിനിയോഗിക്കുന്നില്ല

അനുപൂരകപോഷകാഹാര പരിപാടിക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വികസന ഫണ്ടിൽനിന്നും ചെലവഴിക്കുന്ന തുകയുടെ 50% നിബന്ധനകൾക്കുവിധേയമായി കേന്ദ്രം നൽകുന്നു. പ്രസ്തുതതുക വികസനഫണ്ട് ചെലവഴിക്കുന്നതിനുപകരം ലഭിക്കുന്ന തുക യായതുകൊണ്ട് വികസന ആവശ്യങ്ങൾക്ക് മാത്രമെ ചെലവഴിക്കാവൂ. ഈയിനത്തിൽ ഓഡിറ്റ്വർഷം ₹2057356/- നീക്കിയിരിപ്പുണ്ടെങ്കിലും അംഗൻവാടികളുടെ അടിസ്ഥാന വികസനത്തിനായി പ്രസ്തുതതുക വിനിയോഗിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ അവശേഷിക്കുന്ന തുക വരുംവർഷങ്ങളിൽ അംഗൻവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഉപയോഗിക്കേണ്ടതാണ്.

## 3-4 കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയില്ല ₹ 4,31,156 തടസ്സപ്പെടുത്തുന്നു

2016 – 2017 സാമ്പത്തികവർഷം താഴെപ്പറയുംപ്രകാരം വിവിധ പദ്ധതികൾ കൃഷി ഓഫീസറുടെ നിർവഹണത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു .

| പ്രോജക്ടിന്റെ പേര് / നം | ചെലവഴിച്ച തുക / ബിൽ നം | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| പച്ചക്കറി കൃഷി (എസ് സി ) 106/17 | ₹ 1584 02/16 – 17 തീ 24.03.17 | 45 |
| പച്ചക്കറി കൃഷി (ജനറൽ) 103/17 | ₹ 92822 01/16 – 17 തീ 24.03.17 | 485 |
| ഇടവിള കൃഷി (എസ് സി ) 105/17 | ₹ 33000 03/16 – 17 തീ 24.03.17 | 88 |
| ഇടവിള കൃഷി (ജനറൽ ) 104/17 | ₹ 303750 04/16 – 17 തീ 24.03.17 | 810 |
| ആകെ | 431156 | |

എന്നാൽ ടി പ്രോജക്ടുകളുമായി ബന്ധപ്പെട്ട അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ ഒന്നുംതന്നെ ഹാജരാക്കിയില്ല. മേൽവിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.07/08.08.2017) നൽകിയെതിന് രേഖകൾ പരിശോധിച്ചതിനുശേഷമാണ് ആനുകൂല്യം നൽകിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹ 431156/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-5** <u>മരുന്നുകൾ ലഭിച്ചില്ല **- 2,78,401/-**രൂപ തടസ്സപ്പെടുത്തുന്നു</u>

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മെഡിക്കൽ ഓഫീസർമാർ നിർവഹണം നടത്തിയ വിവിധ പദ്ധതികൾപ്രകാരം 2,78,401/-രൂപയുടെ മരുന്നുകൾ ലഭിക്കുവാനുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജെക്റ്റിന്റെ പേര് / നം | നിർവഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ലഭ്യമാക്കിയ മരുന്നിന്റെ വിവരം | ലഭിക്കുവാനുള്ളത് |
|---|---|---|---|---|
| ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ 81/17 | മെഡിക്കൽഓഫീസർ ആയുവേദം | (1) 4,00,000 (മെയിൻറനൻസ് ഗ്രാൻറ് നോൺ റോഡ്) ബിൽ നം 03/16-17 /21.12.16 ഔഷധി , ത്രിശ്ശൂർ | 2,97,737 | 1,02,263 |
| വൃദ്ധർക്കുള്ള രോഗ പ്രതിരോധ ചികിത്സാ പദ്ധതി 82/17 | മെഡിക്കൽഓഫീസർ ആയുവേദം | (1) 3,75,000 മെയിൻറനൻസ് ഗ്രാൻറ് നോൺ റോഡ്) ബിൽ നം. 04/16-17/ 21.12.16 ഔഷധി , ത്രിശ്ശൂർ | 2,34,612 | 1,40,388 |
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ 80/17 | മെഡിക്കൽഓഫീസർ ഹോമിയോ | (1) 150000 (മെയിൻറനൻസ് ഗ്രാൻറ് നോൺ റോഡ്) ബിൽ നം 01/ 16-17/21.12.16 KSHCP | 1,14,250 | 35,750 |
| | | ആകെ | | 2,78,401 |

മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറികൾക്ക് (നം 02,2-8-17, 4,4-8-17) മരുന്നുകൾ ബന്ധപ്പെട്ട ഏജൻസികൾവഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്.

**3-6** ആശ്രയ പദ്ധതി

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് 2002-03 വർഷത്തിൽ ആരംഭിച്ച ആശ്രയപദ്ധതി ഒന്നാംഘട്ട പ്രോജക്ടുപ്രകാരം 68 ഗുണഭോക്താക്കളും 2010-ൽ റിവൈസ് ചെയ്തതിന്റെഫലമായി രണ്ടാംഘട്ട പ്രോജക്ടിൽ 147 ഗുണഭേക്താക്കളെയും ഉൾപ്പടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഒന്നാം പ്രോജക്ട് | രണ്ടാം പ്രോജക്ട് | ആകെ | ശതമാനം |
|---|---|---|---|---|
| വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 29 | 06 | 35 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 24 | 03 | 27 | 77 |
| പ്രോജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 66 | 09 | 75 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 54 | 01 | 55 | 73.3 |
| വീട് മെയിന്റനൻസ് ആവശ്യമുള്ളവർ | 02 | - | 02 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 02 | - | 02 | 100 |
| കക്കൂസ് ആവശ്യമുള്ളവർ | 66 | 09 | 75 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 54 | - | 54 | 81.8 |
| കുടിവെള്ളം ആവശ്യമുള്ളവർ | 43 | - | 43 | |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 20 | - | 20 | 46.5 |
| വൈദ്യുതി ആവശ്യമുള്ളവർ | 54 | - | 54 | |

| | | | | |
|---|---|---|---|---|
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 17 | - | 17 | 31.4 |

ഓഡിറ്റ്കാലയലവിൽ ആശ്രയ പദ്ധതി(നം. 147/17)പ്രകാരം 8,00,000/-രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. പഞ്ചായത്ത് നടപ്പിലാക്കിയ ആശ്രയ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനം, പ്രത്യേകിച്ചും, ആദ്യ പ്രോജക്ടിൽ 80 ശതമാനത്തിന് മുകളിലാണെന്നും രണ്ടാം പ്രോജക്ടിൽ കൂടുതൽ ശ്രദ്ധ ചെലുത്തിയിട്ടില്ല എന്നും വ്യക്തമാക്കുന്നു. അർഹരായവർക്ക് പദ്ധതിയുടെ ഗുണഫലം നല്കുന്നതിന് പഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിച്ചില്ല **1,22,71,902/**രൂപ നഷ്ടപ്പെടുത്തി.

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച തുകകൾ വിനിയോഗിക്കാതിരുന്നതുമൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 1,22,71,902/-രൂപ നഷ്ടപ്പെട്ടു.

സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്ക് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബഡ്ജറ്റ് അലോക്കേഷൻ | അലോട്ട് പ്രകാരമുള്ള വരവ് | ചെലവ് | കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ച തുക |
|---|---|---|---|---|
| പ്ലാൻ ഫണ്ട് -ജനറൽ | 12186217 | 12186217 | 8898980 | 3287237 |
| എസ്സ്. സി .പി | 5337954 | 5337954 | 2460691 | 2877263 |
| റ്റി. എസ്സ് പി | 193857 | 193857 | 0 | 193857 |
| വേൾഡ് ബാങ്ക് സഹായം | 3664803 | 3664803 | 2242849 | 1421953 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6834492 | 6834492 | 5741948 | 1092544 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 6341736 | 6341736 | 3040006 | 3301730 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 3296955 | 3296955 | 3199637 | 97318 |

1994 ലെ കേരള പഞ്ചായത്തീരാജ് നിയമങ്ങളിൽ പ്രതിപാദിക്കുംപ്രകാരം വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വികസനപദ്ധതികൾ

ആവിഷ്കരിക്കുവാനും ബജറ്റ് തയ്യാറാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

തൻവർഷം 138 പദ്ധതികൾ അംഗീകരിച്ച് DPC അംഗീകാരം വാങ്ങിയെങ്കിലും 87 എണ്ണം മാത്രമാണ് നടപ്പിലാക്കിയത് ലഭ്യമായഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുവാനും സർക്കാർ അനുവദിച്ചുനൽകുന്ന ഫണ്ടുകൾ ധനവിനിയോഗമാർഗരേഖകളിലെ നിർദ്ദേശങ്ങൾപാലിച്ച് ചെലവഴിക്കുവാനും ഉദ്യോഗസ്ഥരും ഭരണസമിതിയും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,00,000 | | 1,00,000 | - |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഹൗസിംഗ് | 522/2010 എൽ.എസ്.ജി.ഡി, തീയതി17.02.2010 | 1,05,26,025 | 11,86,190 | 11,86,190 | - | - |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9,982/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-6 | 9,282 | അസി.എഞ്ചിനീയർ (പേര് ലഭ്യമല്ല) | 116011106198/ 03.11.16 |
| 2015-16 | 2-3 | 700 | വിനോദ്കുമാർ (ഉദ്യോഗപേര് ലഭ്യമല്ല) | 11601106508/ 16.11.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-1 | 2006-07 | 3-12-1 | എഫ്.റ്റി.എസ്സ് സൂപ്പർ ആന്വേഷന ശേഷം സർവ്വീസിൽ തുടർന്നു | പരാമർശം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,01,91,653 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,55,86,806 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,40,807 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 5,31,250 | ഡോ.എസ്.റീമ,വെറ്റിനറി വെറ്റിനറി സർജൻ |
| 3-4 | 4,31,156 | ശ്രീമതി.സജിത.എം,കൃഷി ഓഫീസർ |
| 3-5 | 2,42,651 | ഡോ.ജാക്വിലിൻ .എം,മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| 3-5 | 35,750 | ഡോ.സുനിൽ കുമാർ,മെഡിക്കൽ ഓഫീസർ(ഹോമിയോ) |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 | എൽ.എഫ്.ക്യൂ.പി2 -1234(3 ) /14/16.6.14 | 7 |

| | | |
|---|---|---|
| 1993-94 | | |
| 1994-95 | എൽ.എഫ്.ക്യൂ.പി2 -1234(4) /14/16.6.14 | 1 |
| 1995-96 | എൽ.എഫ്.ക്യൂ.പി2 -1234(5 ) /14/16.6.14 | 1 |
| 1996-97 | എൽ.എഫ്.ക്യൂ.പി2 -1234(6) /14/16.6.14 | 10 |
| 1997-98 | എൽ.എഫ്.ക്യൂ.പി2 -1234 (7) /14/16.6.14 | 4 |
| 1998-99 | എൽ.എഫ്.ക്യൂ.പി2 -1234 (8 ) /14/16.6.14 | 3 |
| 2001-2002 | എൽ.എഫ്.ക്യൂ.പി2 -1234(9) /14/16.6.14 | 1 |
| 2002-2003 | എൽ.എഫ്.ക്യൂ.പി2 -1234(10) /14/16.6.14 | 6 |
| 2003-2004 | എൽ.എഫ്.ക്യൂ. പി2 -1234(11))/14/ 16.6.14 | 11 |
| 2004-05 | എൽ.എഫ്.ക്യൂ. പി2 -1234(12) / 14/16.6.14 | 7 |
| 2005-2006<br>2006-2007 | എൽ.എഫ്.ക്യൂ. പി2 -1234 (13 )/14/16.6.14<br>എൽ.എഫ്.ക്യൂ. പി2 -1234 (14 )/14/16.6.14 | 8 |
| 2007-2008 | എൽ.എഫ്.ക്യൂ. പി2 -1234 (15 )/15/16.6.14 | 5 |
| 2008-2009 | എൽ.എഫ്.ക്യൂ. പി2 -1234 (16 )/14/16.6.14 | 8 |

| | | |
|---|---|---|
| 2009-2010 | എൽ.എഫ്.ക്യൂ. പി2 -1234 (17 )/14/16.6.14 | 7 |
| 2010-2011<br>2011-2012 | എൽ.എഫ്.ക്യൂ. പി2 -346/13 തീ. 04.04.13 | 4 |
| 2012-2013 | എൽ.എഫ്.ക്യൂ. പി2 -878/14 തീ. 16.02.15 | |
| 2013-2014<br>2014-2015 | കെ.എസ്.എ.എൽ.എം-പി2/2241 /15/26.12.2015 | |
| 2015-16 | കെ.എസ്.എ.എൽ.എം-പി2/1840 /16;05.01.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം -പി-8/1515/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –05/10/2017.

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.